15
നവംബർ 2017 ബുധൻ
1193 തുലാം 30
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

106 വർഷങ്ങൾ
4 തലമുറകൾ

16 പേജ് ₹ 6.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

### തോമസ് ചാണ്ടിയുടെ ഹർജി തള്ളിക്കൊണ്ട് ഹൈക്കോടതി

# മന്ത്രിയുടെ ഹർജി മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തിന്റെ ലംഘനം

### വിധി ന്യായത്തിൽ പറഞ്ഞത്

**▸നിയമകാര്യ ലേഖകൻ**

കൊച്ചി : കായൽ കൈയേറ്റക്കേസിൽ മന്ത്രി സർക്കാരിനെതിരെ ഹർജി നൽകിയത് മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തിന്റെ ലംഘനമാണെന്ന് വ്യക്തമാക്കി തോമസ് ചാണ്ടി നൽകിയ ഹർജി ഡിവിഷൻ ബെഞ്ച് തള്ളി. കായൽ ഭൂമി കൈയേറിയെന്ന പരാതിയിൽ കളക്ടർ നൽകിയ റിപ്പോർട്ട് റദ്ദാക്കാനും തുടർനടപടി തടയാനുമാണ് ചീഫ് സെക്രട്ടറിയെയും സംസ്ഥാന സർക്കാരിനെയും എതിർകക്ഷിയാക്കി മന്ത്രി തോമസ് ചാണ്ടി ഹൈക്കോടതിയെ സമീപിച്ചത്. മന്ത്രിസഭയിൽ അംഗമായിരിക്കുന്ന വ്യക്തി സ്വന്തം സർക്കാരിനെതിരെ ഹർജി നൽകുന്നത് ഉചിതമല്ല. കളക്ടറുടെ റിപ്പോർട്ടിനെതിരെ ഹർജി നൽകുന്നതിനു പകരം ഉചിതമായ ഫോറത്തെ സമീപിക്കണം. കളക്ടർ ഉൾപ്പെടെയുള്ളവർക്ക് മുന്നിൽ പരാതി ഉന്നയിക്കാം. ഇക്കാര്യം കോടതി നിർദ്ദേശിക്കുന്നില്ലെന്നും വിധിന്യായത്തിൽ പറയുന്നു.

ഭരണ നിർവഹണത്തിൽ മന്ത്രിമാർക്ക് കൂട്ടുത്തരവാദിത്വമുണ്ട്. മന്ത്രിസഭാ തീരുമാനങ്ങളുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നതും വിയോജിപ്പ് മാറ്റിവച്ച് മന്ത്രിസഭയുടെ പൊതു തീരുമാനത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതും കൂട്ടുത്തരവാദിത്വത്തിന്റെ രണ്ട് ഘടകങ്ങളാണ്. കൂട്ടുത്തരവാദിത്വത്തെക്കുറിച്ച് ഭരണഘടനയുടെ 164(2) അനുച്ഛേദത്തിൽ പറയുന്നതും ഇതാണ്. ഒരു മന്ത്രിക്കെതിരെ അവിശ്വാസം പാസായാൽ മന്ത്രിസഭ രാജിവയ്ക്കേണ്ടിവരുന്നത് ഇതിനാലാണ്. ഈ കേസിൽ മന്ത്രി തന്നെ കാബിനറ്റിനെതിരെ ഹർജി നൽകിയ അസാധാരണ സാഹചര്യമാണുള്ളത്. ഇത് അനുചിതമാണ്. ഭൂസംരക്ഷണ നിയമം, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം നടപടിയെടുക്കുന്നതിനെക്കുറിച്ചാണ് കളക്ടർ റിപ്പോർട്ട് നൽകിയത്. റിപ്പോർട്ടിൽ മന്ത്രിക്കെതിരെ നടപടിയെടുക്കുന്ന കാര്യം പറയുന്നില്ല. റിപ്പോർട്ടിന്മേൽ നടപടിയെടുക്കുമെന്ന ആശങ്കയിലാണ് മന്ത്രി ഹർജി നൽകിയതെന്നും ഹൈക്കോടതി വിലയിരുത്തി.

### 2 ജഡ്ജിമാരും നിലപാട് പ്രത്യേകം രേഖപ്പെടുത്തി

മന്ത്രിയായിരുന്നു കൊണ്ട് സർക്കാരിനെതിരെ നൽകിയ ഹർജി നിലനിൽക്കില്ലെന്ന് വ്യക്തമാക്കി ഹർജി തള്ളുകയാണെന്ന് ഡിവിഷൻ ബെഞ്ചിലെ സീനിയർ ജഡ്ജി വിധിന്യായത്തിൽ വ്യക്തമാക്കി. എന്നാൽ സഹജഡ്ജി ഇതേ കാരണം ചൂണ്ടിക്കാട്ടിയതിനൊപ്പം മന്ത്രിയുടെ നടപടി കൂട്ടുത്തരവാദിത്വത്തിന്റെ ലംഘനമാണെന്നുകൂടി രേഖപ്പെടുത്തി വിധിന്യായത്തിൽ പ്രത്യേകം രേഖപ്പെടുത്തി. ഹർജി തള്ളുന്നതിൽ അതിനാൽ ജഡ്ജിമാർക്കിടയിൽ വിരുദ്ധാഭിപ്രായം ഉണ്ടായതായി പറയാനാവില്ല.

# ‘ദന്തഗോപുരത്തിൽ നിന്നിറങ്ങി സാധാരണക്കാരനെപ്പോലെ വാ’

### വാക്കാൽ പറഞ്ഞത്

**▸ആർ. അഭിലാഷ്**

കൊച്ചി : മന്ത്രി തോമസ് ചാണ്ടി ദന്തഗോപുരത്തിലിരുന്നല്ല, താഴെയിറങ്ങി സാധാരണക്കാരനെപ്പോലെയാണ് നിയമ പരിഹാരം തേടേണ്ടതെന്ന് ഹൈക്കോടതി വാക്കാൽ പറഞ്ഞു. വാക്കാൽ പറയുന്ന കാര്യങ്ങൾ കോടതിയുടെ നിഗമനം എന്ന നിലയിൽ പ്രചരിപ്പിച്ച് മാദ്ധ്യമ വിചാരണ നടത്തരുതെന്നും കോടതി നിർദ്ദേശിച്ചു. കോടതി വാക്കാൽ പറഞ്ഞ പ്രധാന പോയിന്റുകൾ ചുവടെ:

### പ്രധാന പോയിന്റുകൾ

① മന്ത്രിയാണെന്ന് വ്യക്തമാക്കുന്ന ഹർജിക്കാരൻ ചീഫ് സെക്രട്ടറിയെയും സർക്കാരിനെയും ഒന്നും രണ്ടും എതിർകക്ഷികളാക്കിയിട്ടുണ്ട്. സർക്കാരിനെതിരെ ഒരു മന്ത്രിക്കെങ്ങനെയാണ് ഹർജി നൽകാനാവുക. ഇത്തരമൊരു നടപടി ഇന്ത്യയിലൊരു കോടതിയിലുമുണ്ടായിട്ടില്ല.

② മുഖ്യമന്ത്രിയിലും സർക്കാരിലും മന്ത്രിസഭയിലും വിശ്വാസമില്ലെന്നാണ് മന്ത്രി തോമസ് ചാണ്ടിയുടെ ഹർജിയിൽ നിന്ന് വ്യക്തമാകുന്നത്. മന്ത്രിയെ അയോഗ്യനാക്കാൻ മതിയായ കേസാണിത്.

③ കളക്ടറുടെ റിപ്പോർട്ടിലെ രണ്ടുവരി പരാമർശം നീക്കി കളങ്കരഹിതനാകാൻ നൽകിയ ഹർജിയാണിത്. കോടതിയുടെ മേൽ കുറ്റം ചാരി രക്ഷപ്പെടാനാണ് ശ്രമം. പൊതുജന വിചാരണ നേരിടുന്ന ഹർജിക്കാരൻ കോടതിയെ കൂട്ടുപിടിച്ച് ഇതിനെ പ്രതിരോധിക്കുകയാണോ?

④ കളക്ടറുടെ റിപ്പോർട്ടിന്മേൽ കോടതിക്ക് പ്രവർത്തിക്കാനാവില്ല. കേസിന്റെ മെരിറ്റിലേക്ക് കടക്കാതെ ഹർജി നിലനിൽക്കുമോയെന്നാണ് പരിശോധിക്കുന്നത്. ഹൈക്കോടതി ഫുൾകോർട്ടിന്റെ തീരുമാനം ഇതിൽ അംഗമായ ഒരു ജഡ്ജി ചോദ്യം ചെയ്യുംപോലെയാണിത്.

വിവേക് തൻഖ

### തൻഖയുടെ വാദം അംഗീകരിച്ചില്ല

വ്യക്തിയെന്ന നിലയിലാണ് ഹർജിയെന്ന തോമസ് ചാണ്ടിയുടെ അഭിഭാഷകൻ വിവേക് തൻഖയുടെ വാദം കോടതി അംഗീകരിച്ചില്ല. മന്ത്രിക്ക് വ്യക്തിയെന്ന നിലയിൽ ഹർജി നൽകാനാവില്ല. മന്ത്രിക്ക് മറ്റൊരു പെരുമാറ്റച്ചട്ടമാണ് ബാധകം. സ്വന്തം സർക്കാരിനെതിരെ മന്ത്രി ഹർജി നൽകുന്നത് കേട്ടുകേൾവിയില്ലാത്ത നടപടിയാണെന്നും ഹൈക്കോടതി വാദത്തിനിടെ പറഞ്ഞു.

### ഒറ്റനോട്ടം

**മന്നാർഗുഡി മാഫിയയ്ക്ക് 1430 കോടിയുടെ കള്ള സ്വത്ത്** പേജ് 12

**മണ്ഡല ഉത്സവം: ശബരിമല നട ഇന്ന് തുറക്കും** പേജ് 08

**ജില്ലാ ജഡ്ജി നിയമനം: ഹർജികൾ ഭരണഘടനാ ബെഞ്ചിന്** പേജ് 07

# രാജിയിലേക്ക് നോക്കി കേരളം

### ■ മുഖ്യമന്ത്രി പറഞ്ഞാൽ രാജി വയ്ക്കുമെന്ന് മന്ത്രി തോമസ് ചാണ്ടി
### ■ ഇന്ന് മുഖ്യമന്ത്രിയെ കാണും ■ സുപ്രീംകോടതിയെ സമീപിക്കും

**▸രാഷ്ട്രീയ ലേഖകൻ**

തിരുവനന്തപുരം: മന്ത്രി തന്നെ സർക്കാരിനെതിരെ ഹൈക്കോടതിയെ സമീപിച്ച അസാധാരണ സ്ഥിതിവിശേഷം സൃഷ്ടിച്ച തോമസ് ചാണ്ടിയുടെ മന്ത്രിസ്ഥാനം കുട്ടനാട്ടിലെ വെള്ളപ്പൊക്കത്തിൽ കൊതുമ്പുവള്ളം മറിയുന്നത് പോലെ മറിയുമെന്ന് ഏറെക്കുറെ ഉറപ്പായി.

മന്ത്രി തോമസ് ചാണ്ടിയുടെ അനിവാര്യമായ രാജിയിലേക്ക് ഉറ്റുനോക്കുകയാണ് കേരളം. ഏത് നിമിഷവും അത് സംഭവിക്കാമെന്ന സൂചന നൽകി, ഇന്നലെ കൊച്ചിയിലായിരുന്ന മന്ത്രി ചാണ്ടിയെ അടിയന്തരമായി മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തേക്ക് വിളിപ്പിച്ചു. രാത്രി 11 മണിയോടെ തലസ്ഥാനത്തെത്തിയ തോമസ് ചാണ്ടിക്ക് രാത്രി ഏറെ വൈകിയതിനാൽ മുഖ്യമന്ത്രിയെ കാണാനായില്ല. ഇന്ന് രാവിലെ മന്ത്രിസഭായോഗത്തിന് മുമ്പായി അദ്ദേഹം മുഖ്യമന്ത്രിയെ കാണും. വിധി പ്രതികൂലമെങ്കിൽ മാത്രം രാജിയെന്ന് ഇന്നലെ രാത്രി തിരുവനന്തപുരത്തേക്ക് തിരിക്കും മുമ്പ് കൊച്ചിയിൽ മാദ്ധ്യമങ്ങളോട് പ്രതികരിച്ച മന്ത്രി ചാണ്ടി അല്പ സമയത്തിന് ശേഷം നെടുമ്പാശേരി വിമാനത്താവളത്തിൽ വച്ച് മുഖ്യമന്ത്രി പറഞ്ഞാൽ രാജി വെയ്ക്കുമെന്ന് നിലപാട് മയപ്പെടുത്തി. തിരുവനന്തപുരത്തെത്തിയ ശേഷം കോടതിയുടെ വിധിപ്പകർപ്പ് കിട്ടുമ്പോൾ ബാക്കിയെന്നും ഇന്ന് വൈകിട്ട് മാദ്ധ്യമങ്ങളെ കാണുമെന്നും അദ്ദേഹം അറിയിച്ചു. ഇതോടെ ഇന്ന് മന്ത്രിയുടെ രാജിയുണ്ടാകുമെന്ന് ഏറെക്കുറെ ഉറപ്പായി. സർക്കാരിനെതിരെ മന്ത്രി തന്നെ കോടതിയെ സമീപിച്ചത് വഴി ഭരണഘടനാപരമായ പ്രതിസന്ധിയിലേക്ക് സർക്കാർ ചെന്നുപെട്ടിരിക്കെ, പ്രതിസന്ധിയിൽ നിന്ന് തലയൂരാൻ രാജി അനിവാര്യമാണെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

എങ്ങനെയും രാജി ഒഴിവാക്കാൻ അവസാന നിമിഷവും തീവ്രശ്രമം നടത്തുന്ന ചാണ്ടി, ഹൈക്കോടതിയിലെ പ്രതികൂല പരാമർശം നീക്കിക്കിട്ടാൻ സുപ്രീംകോടതിയെ സമീപിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് ജില്ലാ കളക്ടറെ സമീപിക്കാമെന്ന കോടതി നിർദ്ദേശം പിടിവള്ളിയാക്കാനുള്ള നിയമ വഴിയും ചാണ്ടി തേടുന്നുണ്ട്. ഇതിന്റെ കാര്യങ്ങൾക്കും പാർട്ടി കേന്ദ്ര നേതൃത്വത്തെ കണ്ട് നിലപാട് വിശദീകരിക്കാനും ഇന്നലെ രാത്രി ഡൽഹിക്ക് തിരിക്കാനായിരുന്നു മന്ത്രിയുടെ നീക്കം. എന്നാൽ, മുഖ്യമന്ത്രി വിളിച്ചതോടെ യാത്ര മാറ്റേണ്ടി വന്നു.

തോമസ് ചാണ്ടിയുടെ കാര്യത്തിൽ തക്കസമയത്ത് ഉചിതമായ തീരുമാനമുണ്ടാകുമെന്ന്, ചാണ്ടിക്കെതിരായ ഹൈക്കോടതി പരാമർശത്തിന് ശേഷം കോഴിക്കോട്ട് നിന്ന് ഇന്നലെ ഉച്ചയ്ക്ക് രണ്ടരയോടെ തിരുവനന്തപുരത്തെത്തിയ മുഖ്യമന്ത്രി മാദ്ധ്യമങ്ങളോട് പ്രതികരിച്ചു. രാത്രി ഏഴ് മണിക്ക് എ.കെ.ജി സെന്ററിൽ ചേർന്ന സി.പി.എം മന്ത്രിമാരുടെ ഫ്രാക്ഷൻ യോഗത്തിലും ചാണ്ടി വിഷയം ചർച്ചയായതായാണ് വിവരം. സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനുമായും മുഖ്യമന്ത്രി പ്രത്യേകം ചർച്ച നടത്തി.

ഹൈക്കോടതി വിധിക്ക് ശേഷം ചേർന്ന എൻ.സി.പി സംസ്ഥാന നിർവാഹക സമിതിയിൽ മന്ത്രിയുടെ രാജി ആവശ്യം ശക്തിയായതോടെ പാർട്ടി കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനത്തിന് വിടുകയായിരുന്നു.

അതിനിടെ, ചാണ്ടിയുടെ രാജി ഇനിയും നീണ്ടാൽ പ്രതിഷേധം കടുപ്പിക്കാനൊരുങ്ങുകയാണ് സി.പി.ഐ. സി.പി.എം നേതൃത്വത്തിലും നാണക്കേട് ഇനിയും പേറുന്നതിനോട് വിയോജിപ്പുണ്ട്. വിഴുപ്പ് അലക്കുന്നത് വരെ പേറേണ്ടി വരുമെന്ന് മന്ത്രി ജി. സുധാകരൻ കോഴിക്കോട്ട് പ്രതികരിച്ചത്, ചാണ്ടി സൃഷ്ടിക്കുന്ന തലവേദനയിലുള്ള പരസ്യമായ നീരസമായി. വി.എസും തന്റെ നീരസം പരസ്യമായി പ്രകടിപ്പിച്ചു.

**കൈയേറ്റം...** *തോമസ് ചാണ്ടിക്കായി ഹാജരാകാനെത്തിയ അഭിഭാഷകൻ വിവേക് തൻഖയെ കരിങ്കൊടി കാണിച്ച യൂത്ത് കോൺഗ്രസ് പ്രവർത്തകനെ കൊച്ചിയിൽ പൊലീസ് തടഞ്ഞപ്പോൾ ഫോട്ടോ: അനുഷ് ഭദ്രൻ*

*ഇന്നലെ അർദ്ധരാത്രി തിരുവനന്തപുരത്ത് എത്തിയ മന്ത്രി തോമസ് ചാണ്ടിയുടെ കാർ മസ്കറ്റ് ഹോട്ടലിന് മുന്നിൽ വച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകർ തടഞ്ഞപ്പോൾ പൊലീസ് ബലപ്രയോഗം നടത്തി മാറ്റുന്നു. കാറിനകത്ത് തോമസ് ചാണ്ടിയെയും കാണാം ഫോട്ടോ: ജിതേഷ് ദാമോദർ*

**സർക്കാരും ചാണ്ടിക്കെതിരായി** പേജ് 07

### പരാമർശത്തിന്റെ പേരിൽ രാജിയില്ല: തോമസ് ചാണ്ടി

കൊച്ചി: കോടതിയുടെ വാക്കാലുള്ള പരാമർശത്തിന്റെ പേരിൽ രാജിവയ്ക്കില്ലെന്ന് ഗതാഗതമന്ത്രി തോമസ് ചാണ്ടി പറഞ്ഞു. പരാമർശം വിധിന്യായമല്ല. ഉത്തരവിന്റെ പകർപ്പ് കിട്ടിയശേഷം തീരുമാനം അറിയിക്കുമെന്ന് അദ്ദേഹം മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു. കോടതി ഉത്തരവിൽ വിമർശനമുണ്ടെങ്കിൽ രാജിവയ്ക്കും. വിധി പഠിച്ചശേഷം ഇന്ന് വീണ്ടും മാദ്ധ്യമപ്രവർത്തകരെ കാണും. കളക്ടറുടെ റിപ്പോർട്ടിൽ ആരോപിക്കുന്ന സ്ഥലങ്ങളിൽ തനിക്ക് ഭൂമിയില്ല.

ഇന്നലെ രാവിലെ മുതൽ കൊച്ചിയിലെ വസതിയിൽ മന്ത്രിയുണ്ടായിരുന്നെങ്കിലും രാത്രി വൈകിയാണ് മാദ്ധ്യമങ്ങളോട് പ്രതികരിച്ചത്.

### ഉചിതമായ തീരുമാനം തക്കസമയത്ത്: മുഖ്യമന്ത്രി

തിരുവനന്തപുരം: മന്ത്രി തോമസ് ചാണ്ടിയുടെ പ്രശ്നത്തിൽ ഉചിതമായ തീരുമാനം തക്കസമയത്ത് കൈക്കൊള്ളുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കോടതിവിധിയുമായി ബന്ധപ്പെട്ട എല്ലാവശങ്ങളും പരിശോധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ഹൈക്കോടതിയിലെ രണ്ട് ജഡ്ജിമാരാണ് കേസ് പരിഗണിച്ചത്. ഉത്തരവിൽ ജഡ്ജിമാർ തമ്മിൽ വിയോജിപ്പുമുണ്ട്. കോടതിയുടെ ഉത്തരവിന്റെ വിശദാംശങ്ങളും മനസിലാക്കണം. എൻ.സി.പി എന്തു തീരുമാനം എടുക്കുമെന്നും നോക്കേണ്ടതുണ്ട്.

### കേന്ദ്ര നേതൃത്വം തീരുമാനിക്കും: എൻ.സി.പി

കൊച്ചി: ഹൈക്കോടതി പരാമർശത്തിന്റെ പശ്ചാത്തലത്തിൽ ഗതാഗതമന്ത്രി തോമസ് ചാണ്ടിയുടെ രാജിക്കാര്യം കേന്ദ്ര നേതൃത്വത്തിന് വിടാൻ എൻ.സി.പി സംസ്ഥാന നിർവാഹക സമിതിയോഗം തീരുമാനിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടാൽ രാജിവയ്ക്കും. പാർട്ടി മന്ത്രിയ്ക്കൊപ്പമാണെന്ന് സംസ്ഥാന പ്രസിഡന്റ് ടി.പി. പീതാംബരൻ പറഞ്ഞു.

സംസ്ഥാന സമിതി യോഗത്തിന്റെ പൊതുവികാരം കേന്ദ്ര നേതൃത്വത്തെ അറിയിക്കും. മന്ത്രിയെ നിശ്ചയിക്കാനും രാജിവയ്പ്പിക്കാനും കേന്ദ്ര പാർലമെന്ററി ബോർഡിനാണ് അധികാരം. സംസ്ഥാന നേതൃത്വത്തിന് അധികാരമില്ല. സംസ്ഥാന യോഗത്തിൽ മന്ത്രിയുടെ രാജിക്കാര്യം ചർച്ച ചെയ്തിട്ടില്ല.

# 30 അടി തുരന്ന് ബാങ്കിലെത്തി ലോക്കറിലെ 1.5 കോടി കവർന്നു

### കൊള്ള ബാങ്ക് ഒഫ് ബറോഡ മുംബയ് ബ്രാഞ്ചിൽ

മുംബയ്: വാടകയ്ക്കെടുത്ത മുറിയിൽ നിന്ന് 30 അടി നീളത്തിൽ തുരങ്കം നിർമ്മിച്ച് ബാങ്കിന്റെ ലോക്കർ റൂമിലെത്തിയ മോഷ്ടാക്കൾ ഒന്നരക്കോടി രൂപ വിലവരുന്ന ആഭരണങ്ങളും മറ്റും കവർന്നു. നവി മുംബയിലെ ബാങ്ക് ഒഫ് ബറോഡ ശാഖയിലാണ് കവർച്ച നടന്നത്.

ബാങ്കിന് അവധിയായിരുന്ന കഴിഞ്ഞ ശനിയാഴ്ചയോ ഞായറാഴ്ചയോ ആണ് മോഷണം നടന്നതെന്നാണ് പൊലീസിന്റെ നിഗമനം. തിങ്കളാഴ്ച ജോലിക്കെത്തിയ ജീവനക്കാരാണ് ലോക്കറുകൾ കുത്തിത്തുറന്നത് കണ്ടെത്തിയത്. തുടർന്ന് പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. 225 ലോക്കറുകളുള്ളതിൽ 30 എണ്ണമാണ് കൊള്ളയടിക്കപ്പെട്ടത്. ഗ്യാസ് കട്ടർ ഉപയോഗിച്ചാണ് ലോക്കറുകൾ തകർത്തിരിക്കുന്നത്.

ബാങ്ക് സ്ഥിതി ചെയ്യുന്ന ഭക്തി റസിഡൻസ് എന്ന കെട്ടിടത്തിലെ ഏഴാം നമ്പർ മുറി എടുത്താണ് മോഷണത്തിന് പദ്ധതിയിട്ടത്. ഇവിടെ ബാലാജി ജനറൽ സ്റ്റോഴ്സ് എന്ന പേരിൽ കടയും തുറന്നു. ഇതിനുള്ളിൽ അഞ്ചടി താഴ്ചയിൽ കുഴിയെടുത്ത ശേഷം തൊട്ടടുത്തുള്ള രണ്ടു കടമുറികളുടെ അടിയിലൂടെ വീണ്ടും 30 അടി നീളത്തിൽ തുരങ്കം തീർത്ത് ബാങ്കിന്റെ ലോക്കർ റൂമിനടിയിലെത്തി. പിന്നീട് അഞ്ചടി ഉയരത്തിൽ തുരന്നാണ് ലോക്കർ റൂമിൽ കയറിയത്. കെട്ടിടത്തിലെ നാല് മുറികളിലായാണ് ബാങ്ക് പ്രവർത്തിക്കുന്നത്. രാത്രി കെട്ടിടത്തിലെ മറ്റു കടകൾ അടച്ച ശേഷം അതീവ ശ്രദ്ധയോടെയായിരുന്നു തുരങ്ക നിർമാണം. കുഴിച്ചെടുക്കുന്ന മണ്ണും മറ്റും രാത്രി തന്നെ പുറത്തുകൊണ്ടുപോയി കളഞ്ഞിട്ടുണ്ടാവുമെന്നും പൊലീസ് കരുതുന്നു. മോഷ്ടാക്കൾ വാടകയ്ക്കെടുത്ത മുറിയോട് ചേർന്ന് ഒരു സ്വകാര്യ സുരക്ഷാ ഏജൻസിയുടെ ഓഫീസുമുണ്ട്.

ജെനാബച്ചൻ പ്രസാദ് എന്നയാൾ കഴിഞ്ഞ മേയിലാണ് കടമുറി വാടകയ്ക്കെടുത്തത്. കുറച്ച് ദിവസം കട നടത്തിയ ശേഷം മറ്റു രണ്ടുപേരെ ഏല്പിച്ച് ഇയാൾ പോയതായി കെട്ടിട ഉടമ പൊലീസിനോട് പറഞ്ഞു. ബാങ്കിൽ പലയിടത്തും സി.സി. ടിവി കാമറയുണ്ടെങ്കിലും ലോക്കർ റൂമിൽ വച്ചിട്ടില്ല. ബാങ്കിലെയും സമീപത്തെയും സി.സിടിവി ദൃശ്യങ്ങളെ ചുറ്റിപ്പറ്റിയാണ് അന്വേഷണം പുരോഗമിക്കുന്നത്. അന്വേഷണത്തിന് ആറു സംഘങ്ങളുണ്ട്.



*കടയിൽ നിന്ന് ബാങ്കിലേക്ക് നിർമ്മിച്ച തുരങ്കത്തിന്റെ തുടക്കഭാഗം*

### തിരുവിതാംകൂർ ദേവസ്വം ബോർഡ്

# എ. പത്മകുമാർ പ്രസിഡന്റ്; കെ.പി. ശങ്കരദാസ് അംഗം

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റായി സി.പി.എം മുൻ എം.എൽ.എയും സഹകരണ ഗാരന്റി ബോർഡ് വൈസ് ചെയർമാനുമായ എ. പത്മകുമാറിനെയും, അംഗമായി സി.പി.ഐ നേതാവ് കെ.പി. ശങ്കരദാസിനെയും നിയമിക്കും.

ഇതുസംബന്ധിച്ച് സി.പി.എം- സി.പി.ഐ നേതാക്കൾ തമ്മിൽ ഇന്നലെ ധാരണയായി. ഇന്നത്തെ മന്ത്രിസഭായോഗം തീരുമാനമെടുക്കും. മന്ത്രിസഭയിലെ ഹിന്ദു മന്ത്രിമാരുടെ അംഗീകാരത്തോടെ നിയമന ഉത്തരവ് പുറത്തിറങ്ങും. മണ്ഡലകാലത്തിന് തുടക്കം കുറിച്ച് ശബരിമല നട ഇന്ന് തുറക്കാനിരിക്കെ, പുതിയ പ്രസിഡന്റും അംഗവും ഉടൻ ചുമതലയേൽക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കാലാവധി രണ്ട് വർഷമായി കുറച്ചു കൊണ്ടുള്ള സർക്കാർ ഓർഡിനൻസിലൂടെ കോൺഗ്രസ് നോമിനികളായ പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണനും അംഗം അജയ് തറയിലും പുറത്തായ ഒഴിവിലാണ് നിയമനം. നിലവിൽ ഒരു വർഷം കാലാവധി പൂർത്തിയാക്കിയ പട്ടികവിഭാഗം അംഗം കെ. രാഘവൻ ബോർഡിൽ തുടരും.

കോന്നി മുൻ എം.എൽ.എയും സി.പി.എം പത്തനംതിട്ട ജില്ലാ സെക്രട്ടേറിയറ്റംഗവുമാണ് ആറന്മുള കീച്ചംപറമ്പിൽ എ. പത്മകുമാർ. ആറന്മുള പള്ളിയോട സേവാസംഘം വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ ലെജി എം. കുറുപ്പ്. മക്കൾ: ജയശ്രീ, ജയശങ്കർ, ജയസൂര്യ. മരുമകൻ: നിഷാദ് നാരായണൻ.

എ.ഐ.ടി.യു.സി സംസ്ഥാന സെക്രട്ടറിയും ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് സ്ഥാപക ചെയർമാനുമായ തിരുവനന്തപുരം പേട്ട സി.കേശവൻ റോഡ് കണ്ണാട്ടിൽ കെ.പി. ശങ്കരദാസ് കെ.എസ്.ആർ.ടി.സി ഡയറക്ടർ ബോർഡംഗമായും തിരുവിതാംകൂർ ദേവസ്വം ജീവനക്കാരുടെ സംഘടന ഉൾപ്പെടെ നിരവധി ട്രേഡ് യൂണിയനുകളുടെ ഭാരവാഹിയായും പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ: വി.എസ്.എസ്.സി റിട്ട. സയന്റിസ്റ്റ് കെ. സരളാദേവി. മകൻ: ഹരി ശങ്കർ (പൊലീസ് ഹെഡ് ക്വാർട്ടേഴ്സ് എ.ഐ.ജി). മരുമകൾ: ശ്രീധന്യ.

*എ. പത്മകുമാർ*



*കെ.പി. ശങ്കരദാസ്*

### എൻ. വാസു ദേവസ്വം കമ്മിഷണറാകും

**മണ്ഡലകാലത്ത് നിലവിലെ കമ്മിഷണർ തുടരും**

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വം കമ്മിഷണറായി മുൻ കമ്മിഷണർ കൂടിയായ എൻ. വാസുവിനെ നിയമിച്ചു കൊണ്ട് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവായി.

വിജിലൻസ് ട്രൈബ്യൂണലിലും മുൻമന്ത്രി പി.കെ. ഗുരുദാസന്റെ പ്രൈവറ്റ് സെക്രട്ടറിയായും വാസു സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിലവിലുള്ള കമ്മിഷണർ സി.പി. രാമരാജ പ്രേമപ്രസാദിന്റെ കാലാവധി അടുത്ത ജനുവരി 31 നാണ് അവസാനിക്കുന്നത്. ഫെബ്രുവരി ഒന്നിന് എൻ. വാസു ചുമതലയേൽക്കും.

MAXVALUE
CREDITS AND INVESTMENTS LTD.
Transforming Life...
ഗോൾഡ് ലോൺ
ഗ്രാമിന് ഏറ്റവും
ഉയർന്ന വായ്പ
കുറഞ്ഞ പലിശനിരക്കിൽ...
* Branches All Over Kerala
www.maxvaluecredits.com

### തലവര

അലക്കി വെളുപ്പിക്കുംവരെ വിഴുപ്പ് അലക്കുകാരൻ ചുമക്കണം: മന്ത്രി സുധാകരൻ



ചണ്ടിയുടെ
ഗന്ധമറിയാതെ ചണ്ടി
ചുമക്കും പോലെ...